# കേരളത്തിലെ രംഗവേദി ഉണരുകയാണ്: കേരള സംഗീത നാടക അക്കാദമി അമേച്വർ നാടകോത്സവം മാർച്ച് മുതൽ മേയ് വരെ

**കേരളത്തിലെ 10 കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്ന അമേച്വർ നാടകോത്സവത്തിൽ തെരഞ്ഞെടുക്കപ്പെട്ട 25 നാടകങ്ങളുടെ 50 അവതരണങ്ങൾ നടത്തും**

കേരളത്തിലെ രംഗവേദിക്ക് പുത്തൻ ഉണർവ്വ് നൽകാൻ കേരള സംഗീത നാടക അക്കാദമി ആവിഷ്കരിച്ച അമേച്വർ നാടകോത്സവത്തിന് മാർച്ച് ആദ്യവാരം തിരിതെളിയും. കേരളത്തിലെ 10 കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്ന അമേച്വർ നാടകോത്സവത്തിൽ തെരഞ്ഞെടുക്കപ്പെട്ട 25 അമേച്വർ നാടകങ്ങളുടെ 50 അവതരണങ്ങളാണ് അക്കാദമി നടത്തുന്നത്. ഇത്രയും ബൃഹത്തായ നാടക പദ്ധതി അക്കാദമിയുടെ ചരിത്രത്തിൽ ആദ്യമായാണ് രൂപകല്പന ചെയ്തതെന്ന് അക്കാദമി സെക്രട്ടറി ജനാർദ്ദനൻ.കെ പറഞ്ഞു. കേരള സംഗീത നാടക അക്കാദമിയും സംസ്ഥാന സർക്കാറും കൈകോർക്കുന്ന ഈപദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 25 അമേച്വർ നാടക സംഘങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം ആകെ 50 ലക്ഷം രൂപ ധനസഹായം നൽകും.കോവിഡ് പ്രതിസന്ധിയിൽ അകപ്പെട്ട നാടക കലാകാരൻമാരെ സഹായിക്കുന്നതിന് കേരളത്തിലെ സാംസ്കാരിക മേഖലയിൽ ആവിഷ്കരിച്ച ഏറ്റവും വലിയ പദ്ധതിയാണ് ഇത്.

അമേച്വർ നാടകോത്സവം ഫെബ്രുവരി രണ്ടാവാരം മുതൽ നടത്താനായിരുന്നു അക്കാദമി ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ കോവിഡ് മൂന്നാം തരംഗത്തിന്റെ അതിരൂക്ഷത കാരണം, ഫെബ്രുവരിയിൽ നടത്താനിരുന്ന അമേച്വർ നാടകോത്സവം ഏപ്രിൽ-മെയ് മാസത്തിലേക്ക് മാറ്റിവെക്കുകയായിരുന്നു.

**അമേച്വർ നാടകോത്സവത്തിന് ആരംഭം കാസർകോട്**

കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന ആദ്യഘട്ട അമേച്വർ നാടകോത്സവത്തിന് മാർച്ച് നാലിന് കാസർകോട് നടക്കാവിൽ തിരിതെളിയും.കാസർകോട് നടക്കാവ് നെരൂദ തീയറ്റേഴ്സുമായി സഹകരിച്ചാണ് അക്കാദമി അവിടെ നാടകോത്സവം സംഘടിപ്പിക്കുക.മാർച്ച് നാല് മുതൽ എട്ട് വരെയാണ് നാടകോത്സവം സംഘടിപ്പിക്കു

ന്നത് .ഈ അഞ്ചുദിവസങ്ങളിലും വൈകീട്ട് ഏഴിന് നടക്കാവ് നെരൂദ തീയറ്റേഴ്സ് ഓപ്പൺ ഓഡിറ്റോറിയത്തിൽ ആയിരിക്കും നാടകങ്ങളുടെ പ്രദർശനം നടത്തുക.

**തൃശ്ശൂരിലെ അമേച്വർ നാടകോത്സവം വേലൂരിലും കൊടുങ്ങല്ലൂരും എടക്കളത്തൂരും**

കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന അമേച്വർ നാടകോത്സവത്തിന്റെ തൃശ്ശൂരിലെ വേദി വേലൂർ ഗവ.ആർ.എസ്.ആർ.വി.എച്ച്.എസ്.എസും കൊടുങ്ങല്ലൂർ മുസരിസ് കൺവെൻഷൻ സെന്ററും എടക്കളത്തൂർ ശ്രീരാമചന്ദ്ര യു.പി സ്കൂളുലുമാണ്.വേലൂരിലെ പരിപാടി ഇഫ്ക്രിയേഷൻസ് വേലൂരുമായി സഹകരിച്ച് മാർച്ച് ഒൻപത് മുതൽ 14 വരെയാണ് സംഘടിപ്പിക്കുന്നത്. മുസരീസ് പൈതൃകം പദ്ധതിയുമായി സഹകരിച്ചാണ് അക്കാദമി കൊടുങ്ങല്ലൂരിൽ മാർച്ച് 10 മുതൽ 15 വരെ നാടകോത്സവം സംഘടിപ്പിക്കുന്നത്.എടക്കളത്തൂരിൽ മാർച്ച് 27 മുതൽ 31 വരെ നാടകോത്സവം സംഘടിപ്പിക്കുന്നത് ദേശാഭിമാനി കലാകായിക സാംസ്കാരിക വേദി ആന്റ് പബ്ലിക് ലൈബ്രറിയുമായി സഹകരിച്ചാണ്

**കണ്ണൂരിൽ നാടകോത്സവം മാർച്ച് 16 മുതൽ**

കേരള സംഗീത നാടക അക്കാദമി മാർച്ച് 16 മുതൽ 20 വരെ കണ്ണൂരിൽ അമേച്വർ നാടകോത്സവം സംഘടിപ്പിക്കും. കണ്ണൂരിൽ ജനസംസ്കൃതി മയ്യിലുമായി സഹകരിച്ച് മയ്യിലിലാണ് പരിപാടി സംഘടിപ്പിക്കുന്നത്

**കൊല്ലത്തും തിരുവനന്തപുരത്തും ഏപ്രിലിൽ നാടകോത്സവം**

കൊല്ലം പ്രകാശ് കലാകേന്ദ്രത്തിന്റെ സഹകരണത്തോടെ ഏപ്രിൽ മൂന്ന് മുതൽ ഏഴ് വരെ കേരള സംഗീത നാടക അക്കാദമിയുടെ അമേച്വർ നാടകോത്സവം കൊല്ലം പ്രകാശ് കലാകേന്ദ്രം ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കും.ഏപ്രിൽ എട്ടു മുതൽ 12 വരെ അമേച്വർ നാടകോത്സവം രംഗപ്രഭാത് നാടകഗ്രാമം,തിരുവനന്തപുരവുമായി സഹകരിച്ച് രംഗപ്രഭാത് നാടകഗ്രാമത്തിലും സംഘടിപ്പിക്കും.

**എറണാകുളത്ത് ഇടപ്പള്ളിയിലും ഞാറയ്ക്കലിലും മാർച്ച്-മെയ് മാസങ്ങളിൽ നാടകോത്സവം**

മാർച്ച് 22 മുതൽ 25 വരെ ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രത്തിന്റെ സഹകരണത്തോടെയും മെയ് ഒന്ന് മുതൽ അഞ്ച് വരെ ഞാറയ്ക്കൽ സഫ്ദർ ഹാഷ്മി സാംസ്കാരിക കേന്ദ്രത്തിന്റെ സഹകരണത്തോടെയും ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രത്തിലും ഞാറയ്ക്കൽ സഫ്ദർ ഹാഷ്മി സാംസ്കാരിക കേന്ദ്രത്തിലും നാടകോത്സവം സംഘടിപ്പിക്കും.

**മേയിൽ കോഴിക്കോടും നാടകോത്സവം**

മെയ് ഒൻപത് മുതൽ 13 വരെ എഫാസിന്റെ സഹകരണത്തോടെ കോഴിക്കോട് കേളു ഏട്ടൻ പി.പി.ശങ്കരൻ സ്മാരക ഹാളിലും അക്കാദമി നാടകോത്സവം സംഘടിപ്പിക്കും

**25 അമേച്വർ നാടക സംഘങ്ങൾക്ക് 50 ലക്ഷം രൂപ ധനസഹായം**

കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന അമേച്വർ നാടകോത്സവത്തിൽ നാടകാവതരണത്തിനായി തെരഞ്ഞെടുക്കപ്പെട്ട 25 അമേച്വർ നാടക സംഘങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം ആകെ 50 ലക്ഷം രൂപ ധനസഹായം നൽകും. നാടക കലാകാരന്മാരുടെ അതിജീവനം ലക്ഷ്യമാക്കി അക്കാദമി ആവിഷ്കരിച്ച മാതൃക പദ്ധതിയാണ് ഇത്.സമൂഹത്തിന്റെ വിവിധ കോണുകളിൽ നിന്ന് ഈ പദ്ധതിയെ കുറിച്ച് മികച്ച അഭിപ്രായമാണ് ഉയർന്ന് വന്നിട്ടുള്ളത്.